1/5737872/2023

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്

നമ്പർ. ഡി.ബി.1/216/2023/ത.സ്വ.ഭ.വ.

27-05-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ
ത.സ്വ.ഭ.വ., തിരുവനന്തപുരം

സർ,

വിഷയം:- ത.സ്വ.ഭ.വ.-സ്കൂൾ പ്രവേശനോത്സവം ഉൾപ്പെടെ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായും തുടർന്നും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പൊതുവായ നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്കൂൾ പ്രവേശനോത്സവം ഉൾപ്പെടെ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായും തുടർന്നും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും താഴെ പറയുന്ന പ്രകാരം പൊതുവായ നിർദ്ദേശങ്ങൾ നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് താൽപര്യപ്പെടുന്നു.

- എല്ലാ സ്കൂളുകളിലും ശുചീകരണം ഉറപ്പാക്കണം.
- സ്കൂൾ പരിസരത്തുള്ള കാടുകൾ വെട്ടി വൃത്തിയാക്കി ഇഴജന്തുക്കൾ വരില്ല എന്നുറപ്പാക്കണം.
- പ്രവേശനോത്സവത്തിന് പരമാവധി പിന്തുണ നൽകണം.
- തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾ പങ്കെടുത്തുകൊണ്ട് സ്കൂൾ അധികൃതരുടെ യോഗങ്ങൾ വിളിച്ച് ചേർക്കുകയും പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുകയും ചെയ്യണം.
- സ്കൂളിന് ഭീഷണിയുയർത്തുന്ന മരങ്ങളും മരച്ചില്ലകളും നീക്കം ചെയ്യണം.
- സ്കൂൾ തുറക്കുന്നതിന് മുമ്പായി Fitness നടപടികൾ പൂർത്തിയാക്കണം.
- കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കണം.
- വെള്ളക്കെട്ട്, കുളങ്ങൾ, കിണറുകൾ എന്നിവ സംബന്ധിച്ച് സുരക്ഷാ ക്രമീകരണം ഉറപ്പാക്കണം.
- അതിദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പൂർണ്ണ പിന്തുണ ഉറപ്പാക്കണം.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

വിശ്വസ്തതയോടെ,
SREEKALA R